"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം-സീനിയർ ടൗൺ പ്ലാനർ തസ്തികയിൽ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1486/2026/LSGD തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. 23.06.2025-ലെ സ.ഉ(സാധാ)നം.1549/2025/തസ്വഭവ ഉത്തരവ്
2. 30.08.2025-ലെ സ.ഉ(സാധാ) നം. 2155/2025/LSGD ഉത്തരവ്
3. 05-06-2026-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/15949/2026-DEA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ, പരാമർശം (1) ഉത്തരവ് പ്രകാരം, 25.06.2025 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ത.സ്വ.ഭ.വ. സീനിയർ ടൗൺ പ്ലാനർ ശ്രീമതി. ഷാരി.എം.വി-യ്ക്ക് , പരാമർ ശം (2) പ്രകാരം, ത.സ്വ.ഭ.വ. പ്ലാനിംഗ് വിഭാഗത്തിൽ സീനിയർ ടൗൺ പ്ലാനർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും, ജിസിഡിഎ സെക്രട്ടറി ആയി തന്നെ തുടരാൻ അനുമതി നൽകുകയും ചെയ്തിരുന്നു. ശ്രീമതി. ഷാരി.എം.വി.യുടെ അന്യത്ര സേവന കാലാവധി 24.06.2026-ന് അവസാനിക്കുന്നതിനാലും, ടിയാൾക്ക് അന്യത്രസേവന വ്യവസ്ഥയിൽ തുടരാൻ താത്പര്യമില്ലാത്തതിനാലും മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്

വിഭാഗത്തിലെ സീനിയർ ടൗൺ പ്ലാനർ തസ്തികയിലെ ഉദ്യോഗസ്ഥരെ മേൽ സാഹചര്യത്തിൽ ഭരണസൗകര്യാർത്ഥം ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റി നിയമിക്കുന്നു.

1.ജി.സി.ഡി.എ സെക്രട്ടറി സ്ഥാനത്തുനിന്നും വിടുതൽ ചെയ്തിട്ടുള്ള സീനിയർ ടൗൺ പ്ലാനർ ശ്രീമതി ശാരി എം.വി. (PEN: 592071)-യെ ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ ടൗൺ പ്ലാനർ ശ്രീമതി ഷീബ എം.എം.-നെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

2.സ്ഥലംമാറ്റപ്പെട്ട പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ ടൗൺ പ്ലാനർ ശ്രീമതി ഷീബ എം.എം (PEN: 377523)-നെ, തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനർ ശ്രീ ജോസഫ് കെ.എഫ്-നെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

3.സ്ഥലംമാറ്റപ്പെട്ട എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ടൗൺ പ്ലാനർ ശ്രീ ജോസഫ് കെ.എഫ്. (PEN: 377529)-നെ, ജി.സി.ഡി.എ സെക്രട്ടറി ആയി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

സ്ഥലംമാറ്റം വഴി നിയമിക്കപ്പെട്ട മേൽ പരാമർശിത ഉദ്യോഗസ്ഥർ ഉടനടി ജോലിയിൽ പ്രവേശിക്കേണ്ടതും RTC നിർബന്ധമായും സർക്കാരിൽ (lsgdewbdept@gmail.com) സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

4) സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി

5) വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

6) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7) തദ്ദേശ സ്വയംഭരണ (ഐ.എ/ഇ.ജി) വകുപ്പുകൾക്ക്

8) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 10-08-2026
16:07:31
സെക്ഷൻ ഓഫീസർ